"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി ജീവനക്കാരുടെ മാർച്ച് 2024 മാസത്തെ ഓണറേറിയം വിതരണം ചെയ്യുന്നതിനാവശ്യമായ തുക അനുവദിച്ചുകൊണ്ടും ആയത് PFMS SNA യിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.125/2024/WCDD തീയതി,തിരുവനന്തപുരം, 23-03-2024

---

പരാമർശം:-

1. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23/08/2023-ന് ചേർന്ന യോഗതീരുമാനം
2. സ.ഉ(സാധാ)നം. 79/2024/WCDD തീയതി 27/02/2024
3. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ 15/03/2024-ലെ DWCD/1470/2022-ICDSB6-Part(1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന സേവന പദ്ധതി PFMS SNA മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കേന്ദ്ര-സംസ്ഥാന വിഹിതം തുക സംസ്ഥാന ബജറ്റിൽ വകയിരുത്തി, ഈ പദ്ധതിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ശമ്പളം, അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം എന്നിവ SPARK മുഖേനയാണ് അനുവദിച്ചുവന്നിരുന്നത്. എന്നാൽ, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, മിനി അങ്കണവാടി വർക്കർമാർ എന്നിവർക്ക് SPARK മുഖേന ഓണറേറിയം ഇനത്തിൽ അനുവദിച്ച വന്നിരുന്ന കേന്ദ്ര വിഹിതം ഓണറേറിയം PFMS സംവിധാനത്തിലൂടെ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരമുള്ള യോഗത്തിൽ നിർദേശിച്ചിരുന്നു. അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം യഥാസമയം അനുവദിക്കേണ്ടതുള്ളതിനാൽ ആവശ്യമുള്ള പക്ഷം ഈ ഇനത്തിൽ സംസ്ഥാനം മുൻകൂറായി തുക അനുവദിക്കുന്നതാണെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2024 ജനുവരി മാസം മുതലുള്ള കേന്ദ്ര വിഹിത ഓണറേറിയം (2235-02-102-18-01-P-ICDS central share) PFMS SNA സിസ്റ്റം മുഖേന മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് 28/12/2023 ലെ 1470/2022 നമ്പർ പരിപത്രം പ്രകാരം ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും 2024 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ PFMS മുഖേന അനുവദിക്കേണ്ട അങ്കണവാടി ജീവനക്കാരുടെ കേന്ദ്ര-സംസ്ഥാന വിഹിത ഓണറേറിയം (60:40) തുക, എല്ലാ കീഴ്ക്കാര്യാലയങ്ങൾക്കും നൽകിയിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

2. 3rd Quarter കേന്ദ്ര വിഹിതമായി Supplementary Nutrition Program (SNP) ഇനത്തിൽ ലഭ്യമായ

2. 3rd Quarter കേന്ദ്ര വിഹിതമായി Supplementary Nutrition Program (SNP) ഇനത്തിൽ ലഭ്യമായ 39,77,96,000/-രൂപയും ആനുപാതിക സംസ്ഥാന വിഹിതമായി അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായ 39,77,96,000/- രൂപയും ചേർത്ത് 79,55,92,000/- രൂപ SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക SNAഅക്കൗണ്ടിൽ Ways and means clearance വാങ്ങി നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും കേന്ദ്ര വിഹിതം ICDS General - 3rd and 4th Quarterലേക്ക് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് ഡയറക്ടർ തലത്തിൽ കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ നിലവിൽ SNA അക്കൗണ്ടിൽ SNP തുക നിക്ഷേപം വരാത്തതിനാൽ SNA-09 റിപ്പോർട്ട് പ്രകാരം SNA അക്കൗണ്ടിൽ 39.18 കോടി രൂപയുടെ Deficit കാണിക്കുന്ന സാഹചര്യത്തിൽ സക്ഷം അങ്കണവാടി & പോഷൻ 2.0 എന്ന Umbrella Scheme ൽ ഉൾ പ്പെടുന്ന ICDS General പദ്ധതിയിൽ ഉൾപ്പെടെ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട ഫണ്ട് നിലവിൽ വകുപ്പിന് ലഭ്യമാക്കുന്നതല്ല എന്ന് വാർഷിക APIP അംഗീകരിക്കുന്ന PAB Meeting ൽ കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യം അങ്കണവാടി ജീവനക്കാരുടെ മാർച്ച് മാസത്തെ ഓണറേറിയം വിതരണം തടസ്സപ്പെടുന്നതിനിടയാക്കുന്നതാണെന്നും അങ്കണവാടി ജീവനക്കാരുടെ 2024 മാർച്ച് മാസത്തെ (2024 ഏപ്രിലിൽ ചെലവഴിക്കുന്നത്) ഓണറേറിയം തടസ്സപ്പെടാതെ വിതരണം ചെയ്യുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാരിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം മുൻകൂറായി ലഭ്യമാക്കേണ്ട സാഹചര്യമാണുള്ളതെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| Category | Number | Monthly rate per person (in ₹) | Total (in ₹) |
|---|---|---|---|
| അങ്കണവാടി വർക്കർ | 32986 | 4500 | 14,84,37,000 |
| അങ്കണവാടി ഹെൽപ്പർ | 32986 | 2250 | 7,42,18,500 |
| മിനി അങ്കണവാടി വർക്കർ | 129 | 3500 | 4,51,500 |
| Grand Total | | | 22,31,07,000 |

മേൽ സാഹചര്യത്തിൽ, അങ്കണവാടി ജീവനക്കാരുടെ മാർച്ച് മാസത്തെ ഓണറേറിയം വിതരണത്തിനാവശ്യമായ തുക 22,31,07,000/- രൂപ (ഇരുപത്തിരണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി ഏഴായിരം രൂപ മാത്രം) മുൻകൂറായി അനുവദിച്ച് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് വനിതാശിശു വികസന ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സാഹചര്യത്തിൽ, അങ്കണവാടി ജീവനക്കാരുടെ 2024 മാർച്ച് മാസത്തെ (2024 ഏപ്രിലിൽ ചെലവഴിക്കുന്നത്) ഓണറേറിയം

തടസ്സപ്പെടാതെ വിതരണം ചെയ്യുന്നതിനാവശ്യമായ തുക 22,31,07,000/- രൂപ (ഇരുപത്തിരണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി ഏഴായിരം രൂപ മാത്രം), ICDS General- 3rd and 4th Quarter കേന്ദ്ര വിഹിതം ലഭ്യമാകുന്ന വേളയിൽ അനുവദിക്കുന്ന ആനുപാതിക സംസ്ഥാന വിഹിതത്തിൽ നിന്നും കുറയ്ക്കുന്നതാണെന്ന വ്യവസ്ഥയിൽ, മുൻകൂറായി അനുവദിച്ചു കൊണ്ടും പ്രസ്തുത തുക 2235-02-102-18-02-P-V ICDS State share ശീർഷകത്തിൽ നിന്നും പിൻവലിച്ച് PFMS SNA യിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്നതിനു വനിതാശിശുവികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാശിശുവികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena B Raj
സെക്ഷൻ ഓഫീസർ
Date: 23-03-2024 12:53:48